**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1288** **03-02-2026 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കാക്കനാട് - തങ്കളം നാലുവരി പാത ചെ 0/000 (മനയ്ക്കക്കടവ്) മുതൽ 27/324 (തങ്കളം) വരെയാണ് കെ.ആർ.എഫ്ബി. പി എം യുവിന്റെ പരിധിയിൽ വരുന്നത്. കുന്നത്തുനാട്, മൂവാറ്റുപുഴ, പെരുമ്പാവൂർ, കോതമംഗലം എന്നീ മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന പ്രസ്തുത നാലുവരി പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി GO(Rt) No. 1502/2016/PWD പ്രകാരം 30 കോടി രൂപക്ക് 01.11.2016 ൽ തത്വത്തിൽ ഭരണാനുമതിയും, GO(Rt) No.188/2021/PWD തീയതി 12/02/2021 പ്രകാരം ഭരണാനുമതി പുതുക്കി ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രാഥമിക അലൈന്മെന്റിൽ, പ്രദേശത്തിന്റെ പ്രത്യേകതയും അധികരിച്ച gradient ഉം കാരണം IRC, KIIFB സ്റ്റാൻഡേർഡുകൾ പാലിച്ചിരുന്നില്ല. സ്ഥലപരിശോധനയിൽ ഡിസൈൻ വിഭാഗം ഈ അലൈന്മെന്റ് ഫീസിബിൾ അല്ല എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ ടി അലൈൻമെന്റ് KIIFB മാനദണ്ഡങ്ങൾ പ്രകാരം feasible അല്ലെന്ന് 01.06.2023 തീയതിയിലെ സൈറ്റ് വിസിറ്റ് റിപ്പോർട്ടിൽ കിഫ്ബിക്കും വ്യക്തമാക്കിയിട്ടുണ്ട്. KIFB CEO യുടെ നേതൃത്വത്തിൽ 2024 മേയ് 24-നു നടന്ന റിവ്യൂ യോഗത്തിൽ, തങ്കളം-കാക്കനാട് റോഡ് പ്രവൃത്തി, MC റോഡ് വഴി ബന്ധിപ്പിക്കുന്നതിനു പകരം മൂവാറ്റുപുഴ -കാക്കനാട് റോഡ് വഴി കാക്കനാട്ടുമായി യോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് നിർദേശിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ സ്റ്റേറ്റ് ബഡ്ജറ്റ് |

| | | | |
|---|---|---|---|
| | | | ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള Ch 24/600 മുതൽ Ch 26/057 വരെയുള്ള ഭാഗം ഒഴിവാക്കി കിഫ്ബി TRC വിഭാഗത്തിൽ നിന്നും 08.01.2025ൽ ലഭിച്ച റിപ്പോർട്ട് പ്രകാരം കോതമംഗലം ബൈപാസ് മുതൽ, മേലേ പീടിക, മുളവൂർ, ഈസ്റ്റ് പായപ്ര, പള്ളിച്ചിറങ്ങര (MC റോഡ്), പുന്നോപ്പടി വഴി വീട്ടൂർ വരെ അലൈന്മെന്റ് കണ്ടെത്തുകയും ആയതിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് 24.06.2025ൽ PWD ഡിസൈൻ വിഭാഗത്തിന് കൈമാറുകയും ചെയ്തിരുന്നു.<br><br>കോതമംഗലം ബൈപാസ് മുതൽ വീട്ടൂർ വരെ അലൈൻമെന്റ് സാധ്യമായതിനാൽ 13.6 മീറ്റ ROW യിൽ ടി ഭാഗത്തിന്റെ DPR തയ്യാറാക്കുവാനും, ആവശ്യമെങ്കിൽ LA നിർദ്ദേശം സമർപ്പിക്കുവാനും, വീട്ടൂരിന് ശേഷം കിഴക്കമ്പലം വരെ മൂവാറ്റുപുഴ-കാക്കനാട് റോഡിന്റെ അലൈന്മെന്റ് ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനകം സമർപ്പിച്ച Muvattupuzha മുതൽ Kakkanad വരെയുള്ള ഭാഗത്തിന്റെ DPRൽ മാറ്റം വരുത്തി, വീട്ടൂർ മുതൽ കിഴക്കമ്പലം വരെയാക്കി 15 മീറ്റർ ROV ഉൾപ്പെടുത്തി പരിഷ്കരിക്കാനും KIIFB 08.10.2025ൽ നിർദേശിച്ചിരുന്നു. കൂടാതെ കിഴക്കമ്പലത്തിൽ നിന്ന് കാക്കനാടിലേക്കുള്ള പുതിയ അലൈന്മെന്റ് കിഫ്ബിയുടെ പരിഗണനയിലാണ് എന്നും അറിയിച്ചിരുന്നു. കിഫ്ബിയുടെ നിർദ്ദേശങ്ങൾ ഡിസൈൻ വിഭാഗത്തിനെ അറിയിച്ചിരുന്നെങ്കിലും DPR തയ്യാറാക്കുന്നതിന് കൂടുതൽ വ്യക്തത ഡിസൈൻ വിഭാഗം കിഫ്ബിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണം വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | നിലവിൽ കിഫ്ബി TRC വിഭാഗത്തിൽ നിന്നും തയ്യാറാക്കിയ അലൈന്മെന്റിന് വ്യക്തത ലഭ്യമാക്കേണ്ടതുണ്ട്, ആയത് ലഭ്യമായാലുടൻ ഡി. പി. ആർ. തയ്യാറാക്കി കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ